ഉത്തരം

(എ) ഇല്ല.

(ബി, സി) ലീവ്, പെൻഷൻ എന്നീ കാര്യങ്ങളിൽ ഇപ്പോഴത്തെ കേരളാ സർവ്വീസ് റൂൾസ് എയ്ഡഡ്സ്കൂൾ അദ്ധ്യാപകർക്ക് ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകരുടെ നിയമനാധികാരം മാനേജർമാരിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ, കെ.എസ്.ആർ. ലെ മറ്റു ചട്ടങ്ങൾ ബാധകമാക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്.

എയിഡഡ് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാരെ ഡ്രോയിംഗ് ഓഫീസർമാരായി അംഗീകരിക്കാൻ നിർദ്ദേശം

1152 [1840]. ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാരെ ഡ്രോയിംഗ് ഓഫീസർമാരായി അംഗീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) ഗവൺമെന്റ് പ്രൈമറി സ്കൂളുകളിലെ ഹെഡ് മാസ്റ്റർമാർക്ക് ഈ അധികാരം നൽകിയിരിക്കുന്നതുപോലെ എയിഡഡ് സ്കൂളിലെ ഹെഡ്മാസ്റ്റർമാർക്കും ഈ അധികാരം നൽകുമോ;

(സി) അധികാരം നൽകാത്ത എയിഡഡ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ടെസ്റ്റ് കാളിഫിക്കേഷൻ വേണമെന്നു നിർബന്ധിക്കുന്നതിനു കാരണമെന്ത്?

ഉത്തരം

(എ) ഗവൺമെന്റ് ജീവനക്കാരല്ലാത്തവരെ ഡ്രോയിംഗ് ഓഫീസർമാരായി അംഗീകരിക്കാൻ ഗവൺമെന്റിന് പലകാരണങ്ങളാലും ബുദ്ധിമുട്ടുണ്ട്.

(ബി) മുൻപറഞ്ഞ കാരണത്താൽ പ്രയാസമാണ്.

(സി) പ്രൈമറി ഹെഡ്മാസ്റ്റർമാരായി പ്രൊമോഷൻ ലഭിക്കാൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ ഒന്നാണ് ടെസ്റ്റ് കാളിഫിക്കേഷൻ. അതിന് അധികാരം നൽകലുമായി ബന്ധമില്ല.

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി

1153 [1841] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് പ്രൈമറി സ്കൂളുകളിൽനിന്ന് റിട്ടയർ ചെയ്ത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പോസ്റ്റുകളിൽ വീണ്ടും നിയമനം നടത്തുന്നതിന് ഇപ്പോൾ അനുവദിക്കപ്പെടാത്ത പരിതഃസ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly